# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1034 — 13/06/2013 ൽ മറുപടിക്ക്

### ഏകാധ്യാപക വിദ്യാലയങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| സംസ്ഥാനത്ത് ഇപ്പോൾ എത്ര ഏകാധ്യാപക വിദ്യാലയങ്ങളാണ് പ്രവർത്തിക്കുന്നത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് ആകെ 365 ഏകാധ്യാപക വിദ്യാലയങ്ങളാണുള്ളത്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.<br>1.തിരുവനന്തപുരം-27<br>2.കൊല്ലം-03<br>3.പത്തനംതിട്ട-11<br>4.ഇടുക്കി-88<br>5.എറണാകുളം-16<br>6.തൃശ്ശൂർ-03<br>7.പാലക്കാട്-31<br>8.മലപ്പുറം-47<br>9.കോഴിക്കോട്-14<br>10.വയനാട്-51<br>11.കണ്ണൂർ -17<br>12.കാസർഗോഡ്-57<br>ആകെ-365 |
| ബി) സംസ്ഥാനത്തെ എല്ലാ ഏകാധ്യാപക വിദ്യാലയങ്ങളെയും എൽ.പി. സ്കൂളുകളാക്കി 2013–14 അധ്യയന വർഷം മുതൽ ഉയർത്താൻ സർക്കാർ ഉദ്ദേശിക്കുന്നുവോ; വിശദമാക്കുമോ; | ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 365 ഏകാധ്യാപക വിദ്യാലയങ്ങളിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള 111 വിദ്യാലയങ്ങളെ എൽ.പി.സ്കൂളാക്കി ഉയർത്തുവാനുള്ള നടപടികൾ പരിശോധിച്ചുവരുന്നു. |
| സി) എ ൽ.പി. സ്കൂളുകളാക്കി ഉയർത്തുമ്പോൾ അവിടെ ജോലി ചെയ്ത അധ്യാപകരെ എപ്രകാരം ഉപയോഗിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | സി) | എൽ.പി.സ്കൂളാക്കി അപ്ഗ്രേഡ് ചെയ്യുമ്പോൾ ഏകാധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകരെ അവരുടെ വിദ്യാഭ്യാസ യോഗ്യതയുടെയും പ്രവൃത്തി പരിചയത്തിന്റെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്രീ-പ്രൈമറി തലം ഉൾപ്പെടെയുള്ള ഒഴിവുകളിലേക്ക് |

നിയമിക്കാനാണുദ്ദേശിക്കുന്നത്.

സംസ്ഥാനത്തെ ഏകാധ്യാപക വിദ്യാലയങ്ങളിൽ നിലവിൽ എത്ര കുട്ടികൾ പഠനം നടത്തിവരുന്നു; ഇത്തരം സ്കൂളുകളെ എൽ.പി. സ്കൂളുകളായി ഉയർത്തുമ്പോൾ അധ്യാപക-വിദ്യാർത്ഥി അനുപാതം ബാധകമല്ലേ; വിശദമാക്കുമോ?

ഡി) സംസ്ഥാനത്തെ ഏകാധ്യാപക വിദ്യാലയങ്ങളിൽ ആകെ 8473 വിദ്യാർത്ഥികൾ നിലവിൽ പഠനം നടത്തിവരുന്നു. എൽ.പി.സ്കൂളാക്കി ഉയർത്താനായി നിർദ്ദേശിച്ചിട്ടുള്ള 111 ഏകാധ്യാപക വിദ്യാലയങ്ങളിൽ 3984 കുട്ടികൾ പഠനം നടത്തിവരുന്നു. ഈ വിദ്യാലയങ്ങളെ എൽ.പി.സ്കൂളുകളാക്കി ഉയർത്തുമ്പോൾ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ